## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3806 31/01/2014- ൽ മറുപടിക്ക്**

# വൈദ്യുതി കണക്ഷൻ സംബന്ധിച്ച് ഉത്തരവുകൾ മലയാളത്തിൽ ലഭ്യമാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി കെ. കെ. ലതിക | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള കെ.എസ്.ഇ.ബി.ടേംസ് & കൺഡീഷൻസ് ഓഫ് സപ്ലൈ 2005 അനുസരിച്ച് ഗാർഹിക കണക്ഷനുകൾ ലഭിക്കുന്നതിന് അപേക്ഷകൻ അംഗീകൃത പ്ലാൻ/പെർമിറ്റ് ഹാജരാക്കേണ്ടതുണ്ട്. മറ്റു കണക്ഷനുകൾക്കെല്ലാം തന്നെ ബിൽഡിംഗ് നമ്പർ ആവശ്യമാണെന്ന നിബന്ധനയും ഉണ്ട്.<br><br>എന്നാൽ ബിൽഡിംഗ് നമ്പർ ലഭ്യമാവുന്നതിലുള്ള തടസ്സം കാരണം ഇലക്ട്രിസിറ്റി കണക്ഷനുകൾ ലഭിയ്ക്കാതിരിയ്ക്കുന്ന അപേക്ഷകരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി താഴെപ്പറയുന്ന രേഖകളിലേതെങ്കിലും ഒന്ന് ഹാജരാക്കിയാൽ ഗാർഹിക കണക്ഷൻ ചില വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്നതിനുള്ള ഉത്തരവ് ബോർഡ് 18.08.2011 ന് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>1. വില്ലേജ് ഓഫീസർ നൽകുന്ന പൊസ്സഷൻ സർട്ടിഫിക്കറ്റ്.<br>2. തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്.<br>3. വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ്<br>4. റേഷൻ കാർഡ്.<br>5. എൻ.ആർ.ഇ.ജി.പി.കാർഡ്. |

(---2)

പഞ്ചായത്ത് പ്രദേശങ്ങളിൽ ഗാർഹിക ആവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിന് ബിൽ ഡിംഗ് പെർമിറ്റിന് പകരം ഉടമസ്ഥവകാശ സർട്ടിഫിക്കറ്റിന്റെയോ (ആറുമാസത്തിനുള്ളിൽ ലഭിച്ചത്) ഭൂനികുതി അടച്ച രസീതിന്റെയോ അടിസ്ഥാനത്തിൽ ചില നിബന്ധനകളോടെ വൈദ്യുതി കണക്ഷൻ നൽകാമെന്നും ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെട്ട എന്ന കാരണത്താൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നമ്പർ അനുവദിച്ച നൽകാത്തവർക്കും ഉടമസ്ഥാവകാശം ഇല്ലാത്ത ഭൂമിയിൽ വീടുകൾ കെട്ടി താമസിക്കുന്നവർക്കും വീടുകളുടെ വിസ്തൃതി 100 ച. മീറ്ററിൽ താഴെയാണെങ്കിൽ താമസിക്കുന്ന കെട്ടിടം അധികൃതമാണോ അനധികൃതമാണോ എന്ന് പരിശോധിക്കാതെ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകാമെന്നുള്ള സർക്കാർ ഉത്തരവുകൾ ബോർഡിൽ നടപ്പിലാക്കിയിട്ടുണ്ട്.

ഇതു കൂടാതെ ആരാധനാലയങ്ങൾക്കും അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകൾക്കും ചില വ്യവസ്ഥകൾക്ക് വിധേയമായി ബിൽഡിംഗ് നമ്പറില്ലാതെ തന്നെ കണക്ഷൻ നൽകുന്നതിനുള്ള ഉത്തരവ് ബോർഡ് 17.05.2012- ന് പുറപ്പെടുവിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ഇത് സംബന്ധമായി സർക്കാരും വൈദ്യുതിബോർഡും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും പൊതുജനങ്ങൾക്ക് മലയാളത്തിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ബി) ബോർഡ് ഉത്തരവുകൾ നിലവിൽ ഇംഗ്ലീഷ് ഭാഷയിലാണ് പുറപ്പെടുവിക്കുന്നത്. എന്നാൽ പുതുക്കിയ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് നിലവിൽ വന്നതിന് ശേഷം സർവ്വീസ് കണക്ഷൻ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അടങ്ങിയ മലയാളത്തിലുള്ള ഒരു കൈപ്പുസ്തകം ഇറക്കുന്നതിനായി ബോർഡ് ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ